# Athmaraksha.org

യഥാർത്ഥ ക്രൈസ്തവ ജീവിതം

## അവിശ്വാസികളായ ക്രൈസ്തവരെക്കുറിച്ച് ഫ്രാൻസീസ് പാപ്പ



''ചില ക്രിസ്ത്യാനികൾ എല്ലാ ഞായറാഴ്ചയും പള്ളിയിൽ പോകുന്നവരാണ്. എന്നാൽ മറ്റ് ദിവസങ്ങൾ ഭൗതികാവശ്യങ്ങളായ പണസമ്പാദനത്തിനും അധികാരനേട്ട ത്തിനും ഉപയോഗിക്കുന്നു. ഇങ്ങനെയുള്ളവർ 'അവിശ്വാസികളായ ക്രൈസ്തവ'രാണ്.'' ഫ്രാൻസീസ് പാപ്പ പറയുന്നു. വിശുദ്ധ പൗലോസ്ശ്ലീഹ ഫിലിപ്പിനെഴുതിയ ലേഖന ത്തിൽ പറയുന്നു, ക്രൈസ്തവസമൂഹത്തെ രണ്ടു വിഭാഗങ്ങളായാണ് രൂപപ്പെടുത്തിയി രിക്കുന്നത് എന്ന്. ഒന്ന് യഥാർത്ഥക്രിസ്ത്യാനികൾ, രണ്ടാമത്തേത്, ക്രിസ്തുവിന്റെ കുരി ശിന്റെ ശത്രുക്കൾ. സാന്താ മാർത്തായിലെ വിശുദ്ധ കുർബാനയിലാണ് പാപ്പാ ഇപ്രകാരം പറഞ്ഞത്.

'രണ്ടു വിഭാഗങ്ങളും സഭയിൽ ഒരുമിച്ചുണ്ട്. അവർ ഞായറാഴ്ച കുർബാനയിൽ സംബന്ധിക്കുന്നു. ദൈവത്തെ സ്തുതിക്കുകയും സ്വയം ക്രൈസ്തവൻ എന്ന് വിളി ക്കുകയും ചെയ്യുന്നു. എന്നാൽ ഇവരിൽ ചിലർ വാക്കുകളിൽമാത്രം ക്രൈസ്തവരാണ്. ക്രൈസ്തവൻ എന്ന പേര് മാത്രമേ അവർക്ക് സ്വന്തമായുള്ളൂ. ക്രൈസ്തവന്റെ സ്വഭാവ വിശേഷങ്ങളിൽ ഒന്നോ രണ്ടോ മാത്രമേ അവരിലുണ്ടാവൂ. അവർ അവിശ്വാസികളായ ക്രൈസ്തവരാണ്.''

ഇത്തരം ക്രൈസ്തവർ അപകടകാരികളാണെന്ന് പാപ്പ പറയുന്നു.''യഥാർത്ഥ ക്രൈസ്തവൻ തന്റെ സ്വർഗ്ഗീയപൗരത്വം ഉറപ്പാക്കിയവനാണ്. എന്നാൽ അവിശ്വാ സിയായ ക്രൈസ്തവൻ തന്റെ സ്ഥാനം ഉറപ്പിക്കുന്നത് ഭൂമിയിലാണ്.'' ഓരോരുത്തരും സ്വയം ചില ചോദ്യങ്ങൾ ചോദിച്ച് തങ്ങളുടെ ആത്മീയ സ്ഥാനം ഉറപ്പിക്കണമെന്ന് പാപ്പാ ഓർമ്മിപ്പിക്കുന്നു. ധനമോഹവും അഹങ്കാരവും ആത്മപ്രശംസയുമുള്ളവനാണോ ഞാൻ എന്നാണ് ഓരോരുത്തരും സ്വയം ചോദിക്കേണ്ട ചോദ്യം. ഇതൊന്നുമില്ലാതെ ദൈവ ത്തെയും സഹോദരങ്ങളെയും സ്നേഹിക്കാനും സേവനംചെയ്യാനും നിങ്ങൾ തയ്യാറാ ണെങ്കിൽ സ്വർഗ്ഗത്തിൽ അംഗത്വമുള്ളവനാണ് നിങ്ങൾ എന്ന് പാപ്പാ ഉറപ്പ് നൽകുകയും ചെയ്യുന്നു.